DESPATCHED On...1/9/21.....

12/9/21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം_695 001

Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.550(1)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.5291/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി: 2021 ആഗസ്റ്റ് 12**

ശ്രീ. കാലടി വിനോദ്,
റ്റി.സി.55/233, ഭദ്രകാലടി,
കാലടി, കരമന പി.ഒ.,
തിരുവനന്തപുരം - 695 002.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ഡെപ്യൂട്ടി കമ്മീഷണർ ഓഫ് പോലീസ് (അഡ്മിനിസ്ട്രേഷൻ & ക്രൈം), ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയം, തിരുവനന്തപുരം സിറ്റി, തിരുവനന്തപുരം.
2. അപ്പീൽ അധികാരി & പോലീസ് കമ്മീഷണർ, സിറ്റി പോലീസ് മേധാവിയുടെ കാര്യാലയം, തിരുവനന്തപുരം സിറ്റി, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 27/01/2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 25/02/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 09/03/2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 30/03/2021 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 23/04/2021 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 23/04/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 17/06/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 29/06/2021 |
| ഹിയറിംഗ് നടന്ന തീയതി | 11/08/2021-വീഡിയോ/ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. കാലടി വിനോദ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ 27.1.2021-ന് ഒന്നാം

എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും 9.3.2021 ന് രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയ്ക്കും മന:പ്പൂർവ്വം രേഖകൾ നൽകിയില്ല എന്നും ആയതിനാൽ കമ്മീഷൻ ഇടപെട്ട് ടിയാൻ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. ശ്രീമതി ഷൈല നിയമസഭാ പെറ്റീഷൻ കമ്മിറ്റിക്ക് നൽകിയ 22327/ബി3/2017 നമ്പർ പ്രകാരമുള്ള പരാതിയിന്മേൽ ഡി.സി.ബി/എ.സി.പി തുടരന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടും അനുബന്ധ റിക്കാർഡുകളുടെ കോപ്പികളും നൽകണമെന്നും

ii. മേൽ പരാതിയിന്മേൽ ഡി.സി.ബി/എ.സി.പി. ശ്രീ. സുൽഫീക്കർ ആരിൽ നിന്നെല്ലാം മൊഴി രേഖപ്പെടുത്തി എന്നും ആയതിന്റെ എല്ലാ പകർപ്പുകളും നൽകണമെന്നും

iii. ശ്രീമതി ഷൈല നിയമസഭാ പെറ്റീഷൻ കമ്മിറ്റിക്ക് നൽകിയ 22327/ബി3/2017 നമ്പർ പ്രകാരമുള്ള പരാതിയിന്മേൽ ഡി.സി.ബി/എ.സി.പി ശേഖരിച്ച കരമന പോലീസ് സ്റ്റേഷനിലെ 10.9.2016 മുതൽ 12.9.2016 വരെയുള്ള ജി.ഡി.യുടെ തെളിവുള്ള പകർപ്പുകൾ നൽകണമെന്നും

iv. പരാതിക്കാരിയുടെ മൊഴികൾ, എതിർകക്ഷികളുടെ മൊഴികൾ, സാക്ഷികളുടെ മൊഴികൾ, ജി.ഡി. കോപ്പികൾ എന്നിവ നിയമപരമായ മുദ്രകൾ പതിച്ച് നൽകണമെന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 25.2.2021–ന് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിലെ 1, 2 ഇനങ്ങൾക്ക് വിവരാവകാശ നിയമത്തിലെ 8(1)(ജി) വകുപ്പു പ്രകാരവും 3–ാം ഇനത്തിന് 8(1)(ജെ) വകുപ്പു പ്രകാരവും വിവരം വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ലെന്നാണ്. ടി മറുപടിയ്ക്കെതിരെ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് കൃത്യമായ രേഖകൾ നൽകാതെ ഗൂഢാലോചന നടത്തി മന:പ്പൂർവ്വം രേഖകൾ നൽകാതെ പൗരന്റെ അവകാശത്തെ നിഷേധിക്കുകയാണെന്നും ഇതേ വിഷയത്തിൽ ശ്രീ. പ്രതാപൻ നായർ, ശ്രീ. സ്റ്റ്യൂവർട്ട് കീലർ എന്നിവർ ഹാജരാക്കിയ അന്വേഷണ റിപ്പോർട്ടും അനുബന്ധരേഖകളും വിവരാവകാശ

നിയമപ്രകാരം തനിക്ക് ലഭിച്ചിട്ടുള്ളതാണെന്നും ആയതിനാൽ ശ്രീ. സുൽഫീക്കർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടും അനുബന്ധ രേഖകളും നിഷേധിക്കാൻ കഴിയില്ല എന്നുമാണ്.

4. രണ്ടാം എതിർകക്ഷി 28.06.2021 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപ്പീൽ ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷ 28.01.2021 തീയതി ലഭിച്ചിട്ടുള്ളതും ആയതിന് 26.02.2021 തീയതി മറുപടി അയച്ചു നൽകിയിട്ടുള്ളതാണെന്നും ഹർജിക്കാരന്റെ 1-ാം ചോദ്യത്തിൽ ആവശ്യപ്പെട്ട അന്വേഷണ റിപ്പോർട്ട് പരാതിക്കാരിയുടെയും എതിർകക്ഷികളുടെയും സാക്ഷി മൊഴികളുടെ അടിസ്ഥാനത്തിൽ ടി വിവരങ്ങൾ കൂടി ഉൾപ്പെടുത്തി തയ്യാറാക്കിയതാണെന്നും മൊഴികളുടെ വെളിപ്പെടുത്തൽ മേൽപ്പടി വ്യക്തികളുടെ ജീവനെയോ ശാരീരിക സുരക്ഷയേയോ ദോഷകരമായി ബാധിക്കാമെന്നതിനാൽ സെക്ഷൻ 8(1)(ജി) പ്രകാരം ആയത് വെളിപ്പെടുത്തുന്നതിന് നിർവ്വാഹമില്ലാത്തതാണെന്നും 2-ാം ചോദ്യത്തിന് ആരിൽ നിന്നെല്ലാം മൊഴി രേഖപ്പെടുത്തി എന്ന വിവരം അപേക്ഷകന് നൽകിയിട്ടുണ്ടെന്നും എന്നാൽ ടി മൊഴികളുടെ വെളിപ്പെടുത്തൽ ബന്ധപ്പെട്ട വ്യക്തികളുടെ ജീവനെയോ ശാരീരിക സുരക്ഷയെയോ ദോഷകരമായി ബാധിക്കാമെന്നതിനാൽ സെക്ഷൻ 8(1)(ജി) പ്രകാരം ആയത് വെളിപ്പെടുത്തുന്നതിന് നിർവ്വാഹമില്ലാത്തതാണെന്നും അപേക്ഷകന്റെ മൊഴി പകർപ്പ് അനുവദിക്കുകയും ആവശ്യമായ തുക ഒടുക്കി ആയത് കൈപ്പറ്റാൻ ആവശ്യപ്പെട്ടിട്ടുള്ളതാണെന്നും 3-ാം ചോദ്യത്തിൽ ആവശ്യപ്പെട്ട ജി.ഡി. രജിസ്റ്റർ പരിശോധിച്ചതിൽ അപേക്ഷകൻ പരാമർശിച്ചിരിക്കുന്ന പരാതിയെ സംബന്ധിക്കുന്ന വിവരങ്ങൾ മാത്രമല്ല മറ്റ് കേസുകളുടെയും വ്യക്തികളുടെയും വിവരങ്ങൾ ടി രജിസ്റ്ററിൽ അടങ്ങിയിട്ടുള്ളതായി കണ്ടതിനാൽ ആയതിന്റെ വെളിപ്പെടുത്തൽ മേൽപ്പടി വ്യക്തികളുടെ സ്വകാര്യതയെ ബാധിക്കാമെന്നതിനാൽ സെക്ഷൻ 8(1)(ജെ) പ്രകാരം വെളിപ്പെടുത്തുന്നതിന് നിർവ്വാഹമില്ലാത്തതാണെന്നുമാണ്. മേൽപ്പടി വിവരം നൽകിയതിനെതിരെ ആക്ഷേപമുന്നയിച്ചുകൊണ്ടാണ് ഒന്നാം അപ്പീൽ അധികാരി മുമ്പാകെ 09.03.2021 തീയതി അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നതെന്നും വിവരാവകാശ നിയമപ്രകാരം എസ്.പി.ഐ.ഒ. കൈക്കൊണ്ട നടപടികൾ നിയമാനുസൃതമാണെന്ന് കണ്ടതിനാൽ തുടർനടപടികൾ ആവശ്യമില്ലെന്നു കണ്ട് 30.03.2021 ന് അപ്പീൽ തീർപ്പാക്കി അനുവദനീയമായ വിവരങ്ങൾ സമയബന്ധിതമായി തന്നെ നൽകിയിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയിലെ 1, 2 എന്നീ ഇനങ്ങൾക്ക് വിവരാവകാശ നിയമത്തിലെ 8(1) (ജി) വകുപ്പ് പ്രകാരവും 3-ാം ഇനത്തിന് 8(1)(ജെ) വകുപ്പു

RIGHT TO INFORMATION

പ്രകാരവുമാണ് എതിർകക്ഷികൾ വിവരം നിഷേധിച്ചിട്ടുള്ളതെന്ന് കാണുന്നു. ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ വിവരാവകാശ നിയമപ്രകാരം വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ലാത്ത എന്തെങ്കിലും രേഖകൾ അടങ്ങിയതാണോ എന്ന് പരിശോധിക്കുന്നതിനായി ടി ഫയൽ/രേഖകൾ ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസങ്ങൾക്കകം സീൽ ചെയ്ത കവറിൽ പ്രത്യേക ദൂതൻ വഴി രണ്ടാം എതിർകക്ഷി ചീഫ് ഇൻഫർമേഷൻ കമ്മീഷണറുടെ ഓഫീസിൽ ഹാജരാക്കേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. ആയത് പരിശോധിച്ച ശേഷം ആവശ്യപ്പെട്ട രേഖകൾ ഹർജിക്കാരന് നൽകേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 സെപ്റ്റംബർ 12–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

us